# 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 818** **12-06-2024 - ൽ മറുപടിയ്ക്ക്**

**ആദിവാസി കോളനികളിലെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആദിവാസി കോളനികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | പിന്നാക്കം നിൽക്കുന്ന പട്ടികവർഗ സങ്കേതങ്ങളുടെ വികസനം ലക്ഷ്യമാക്കി അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി നടപ്പിലാക്കി വരുന്നു. പട്ടികവർഗ സങ്കേതങ്ങളിലെ ഭവനരഹിതരായ പട്ടികവർഗക്കാർക്ക് ഭവനനിർമ്മാണം, ഭവനപുനരുദ്ധാരണം, കുടിവെള്ള വിതരണ പദ്ധതികൾ, ശുചിത്വ പരിപാടികൾ, നടപ്പാത, നടപ്പാലം മുതലായ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾക്കുമായുള്ള ക്ഷേമപ്രവർത്തനങ്ങൾ, ജീവനോപാധികളുടെ വിതരണം തുടങ്ങിയവയും ഊരുകൂട്ട ശുപാൾശയനുസരിച്ച് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നുണ്ട്.<br><br>ആദിവാസി കോളനികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്ത പരിഹരിക്കാൻ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി കുടിവെള്ള പദ്ധതികൾ, വീട് വൈദ്യുതീകരണം, ടോയ്‌ലറ്റ് നിർമ്മാണം എന്നിവയ്ക്ക് ധനസഹായം അനുവദിക്കുന്നുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏറനാട് മണ്ഡലത്തിലെ ആദിവാസി കോളനിയിലെ റോഡ്, വൈദ്യുതി എന്നിവയുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നുമുള്ള വിശദാംശം വെളിപ്പെടുത്തുമോ; | (ബി) | ചാലിയാർ പഞ്ചായത്ത്- 8, ഊർങ്ങാട്ടിരി-6, എടവണ്ണ – 4 എന്നിങ്ങനെ വീടുകൾ വൈദ്യുതീകരിച്ചു വരുന്നു. കൂടാതെ ഊർങ്ങാട്ടിരി പഞ്ചായത്തിലെ പന്നിയാൻമല റോഡ് നിർമ്മാണത്തിന് 54 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്. ഊർങ്ങാട്ടിരി പഞ്ചായത്തിലെ മയിലാടി സങ്കേതം 2021-22 അംബേദ്ക്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| (സി) | ചാലിയാർ പഞ്ചായത്തിലെ പാലക്കയം ആദിവാസി കോളനിയിലേക്കുള്ള റോഡ് നിർമ്മാണം മുടങ്ങി | (സി) | പാലക്കയം സങ്കേതത്തിലേയ്ക്ക് പാലം നിർമ്മിക്കുന്നതിനായി 25 ലക്ഷം രൂപ കോർപ്പസ് |

| | | | |
|---|---|---|---|
| | വർഷങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിന് ഫണ്ട് അനുവദിക്കാത്തത് മൂലം പ്രദേശവാസികൾ പുറം ലോകവുമായി ബന്ധപ്പെടാൻ വളരെയധികം പ്രയാസപ്പെടുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റോഡ് നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | | ഫണ്ടിൽ ഉൾപ്പെടുത്തി നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തി അനുവദിച്ചിരുന്നു. ടി പാലത്തിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. പാലക്കയം സങ്കേതത്തിലേയ്ക്കുള്ള റോഡ് നിർമ്മാണം പൂർത്തീകരിക്കുന്നതിന് വകുപ്പിന്റെ മറ്റേതെങ്കിലും ഫണ്ട് ഉപയോഗിക്കണമെന്ന സർക്കാർ നിർദ്ദേശത്തെ തുടർന്ന് നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയ 2.6 കോടി രൂപയുടെ എസ്റ്റിമേറ്റ്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, സോഷ്യൽ മാപ്പ്, ഗുണഭോക്താക്കളുടെ ലിസ്റ്റ് എന്നിവ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭ്യമാക്കുന്നതിനായി ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് തീരുമാനപ്രകാരം ഒരു തവണയാണ് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നത്. എന്നാൽ കോവിഡ് പശ്ചാത്തലത്തിൽ ജീവനോപാധി, കൃഷി എന്നീ പദ്ധതികൾക്ക് മുൻഗണന നൽകിയിരുന്നതിനാൽ റോഡ് നിർമ്മാണത്തിനുള്ള പ്രൊപ്പോസലുകൾ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ വർക്കിങ് കമ്മിറ്റി ശുപാർശ ചെയ്ത് എത്ര തവണ പട്ടികവർഗ്ഗ ഡയറക്ടറേറ്റിൽ എത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ശിപാർശയിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ? | (ഡി) | പാലക്കയം സങ്കേതത്തിലേയ്ക്ക് പാലം നിർമ്മിക്കുന്നതിനായി 25 ലക്ഷം രൂപ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തി അനുവദിച്ചിരുന്നു. ടി പാലത്തിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. പാലക്കയം സങ്കേതത്തിലേയ്ക്കുള്ള റോഡ് നിർമ്മാണം പൂർത്തീകരിക്കുന്നതിന് വകുപ്പിന്റെ മറ്റേതെങ്കിലും ഫണ്ട് ഉപയോഗിക്കണമെന്ന സർക്കാർ നിർദ്ദേശത്തെ തുടർന്ന് നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയ 2.6 കോടി രൂപയുടെ എസ്റ്റിമേറ്റ്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, സോഷ്യൽ മാപ്പ്, ഗുണഭോക്താക്കളുടെ ലിസ്റ്റ് എന്നിവ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭ്യമാക്കുന്നതിനായി ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് തീരുമാനപ്രകാരം ഒരു തവണയാണ് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നത്. എന്നാൽ കോവിഡ് പശ്ചാത്തലത്തിൽ ജീവനോപാധി, കൃഷി എന്നീ പദ്ധതികൾക്ക് മുൻഗണന നൽകിയിരുന്നതിനാൽ റോഡ് നിർമ്മാണത്തിനുള്ള പ്രൊപ്പോസലുകൾ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ